# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 732** — **03/12/2014-ൽ മറുപടിക്ക്**

**വൈക്കം നിയോജക മണ്ഡലത്തിലെ മഴക്കാലരോഗ പ്രതിരോധ പ്രവർത്തനങ്ങൾ**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. കെ.അജിത്** | | **ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |
| എ) മഴക്കാല പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് വൈക്കം നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) | കോട്ടയം ജില്ലയിലെ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി, വൈക്കം നിയോജക മണ്ഡലത്തിൽപ്പെട്ട ഗ്രാമ പഞ്ചായത്തുകളിലും പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. ആരോഗ്യ പ്രവർത്തകർ ഗൃഹസന്ദർശനം നടത്തുകയും പനി സർവ്വേ നടത്തുകയും ചെയ്യുകയുമുണ്ടായി. കൂടാതെ, ആവശ്യത്തിനുള്ള മരുന്നുകൾ ലഭ്യമാക്കുകയും, കുടിവെള്ള ശുചീകരണം, മാലിന്യ സംസ്കരണം തുടങ്ങിയവ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി ചേർന്ന്, നടത്തുകയും ചെയ്തിട്ടുണ്ട്. പകർച്ച വ്യാധികൾക്കെതിരെ വാർഡുതല സാനിറ്റേഷൻ കമ്മിറ്റി, ഓരോ വാർഡിലും കൂടുകയും, ആരോഗ്യ ക്ലാസ്സുകൾ, അംഗൻവാടി, സ്കൂളുകൾ എന്നിവ കേന്ദ്രീകരിച്ച് നടത്തുകയുമുണ്ടായി. കൂടാതെ, കൊതുക് ജന്യരോഗനിയന്ത്രണം, ഉറവിട നശീകരണം, സ്പ്രേയിംഗ്, ഫോഗിംഗ്, മെഡിക്കൽ ക്യാമ്പ്, ക്ലോറിനേഷൻ തുടങ്ങിയ പ്രതിരോധ പ്രവർത്തനങ്ങളും വൈക്കം നിയോജക മണ്ഡലത്തിൽ നടത്തുകയുണ്ടായി. |
| ബി) പ്രസ്തുത നടപടികൾക്കായി ഓരോ പഞ്ചായത്തുകൾക്കും എന്ത് തുക വീതം അനുവദിച്ചു എന്നും ഓരാ പഞ്ചായത്തും എന്ത് തുക വീതം വാർഡു തലത്തിൽ ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ? | ബി) | പഞ്ചായത്തുകൾക്ക്, ആരോഗ്യ വകുപ്പ് വഴി തുകയൊന്നും അനുവദിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**